മാധ്യമം

04 January 2022

# വിൻറർസ്കൂളിന് തുടക്കമായി

**കൊച്ചി:** സമുദ്രമത്സ്യ സമ്പത്തിന്റെ സംരക്ഷണവും സുസ്ഥിര പരിപാലനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിക്കുന്ന വിൻറർ സ്കൂളിന് തുടക്കമായി. 21 ദിവസം നീളുന്ന വിൻറർ സ്കൂളിൽ ജമ്മുകശ്മീർ, പഞ്ചാബ്, ത്രിപുര, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, കർണാടക, തമിഴ്നാട്, കേരള സംസ്ഥാനങ്ങളിൽ നിന്നായി 21 ഗവേഷകരാണ് പങ്കെടുക്കുന്നത്.